(ഡി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ താൽക്കാലിക അടിസ്ഥാനത്തിൽ ഡ്രൈവർമാരെ നിയമിക്കരുതെന്നുള്ള ഹൈക്കോടതിയുടെ നിർദ്ദേശം സംസ്ഥാന ഗവണ്മെന്റിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഇ) ഹൈക്കോടതിയുടെ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുവാൻ എത്ര എം.എൽ.എ. മാർ നിവേദനം നൽകിയിട്ടുണ്ട്;

(എഫ്) അതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ജി) താൽക്കാലിക അടിസ്ഥാനത്തിൽ സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ എത്ര എൽ.എം.വി. ഡ്രൈവർമാർ ഇപ്പോൾ ജോലി ചെയ്തുവരുന്നു എന്ന് അറിയിക്കുമോ;

(എച്ച്) സംസ്ഥാനത്തെ വകുപ്പ് മേധാവികൾ, സെക്രട്ടറിമാർ എന്നിവരുടെ കീഴിൽ താൽക്കാലികാടിസ്ഥാനത്തിൽ എത്ര ഡ്രൈവർമാർ ജോലി ചെയ്തുവരുന്നു; വിശദാംശം വെളിപ്പെടുത്തുമോ;

(ഐ) പി.എസ്.സി.യുടെ റാങ്ക് ലിസ്റ്റ് നിലവിലുള്ളതിനാൽ താൽക്കാലിക ജീവനക്കാരെ മാറ്റി ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ലഭിച്ചിട്ടുണ്ട്. പി.എസ്.സി. ലിസ്റ്റ് നിലവിലുള്ള സ്ഥലങ്ങളിൽ താൽക്കാലിക/ദിവസക്കൂലി ഡ്രൈവർമാരെ പിരിച്ചുവിടണമെന്നും സാങ്ഷൻഡ് പോസ്റ്റ് അല്ലെങ്കിൽ തന്നെയും പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്തണമെന്നും 5.8.'99 ൽ ബഹു. ഹൈക്കോടതി ഉത്തരവായതിൻ പ്രകാരം, കോടതി വിധി നടപ്പിലാക്കാൻ എല്ലാ വകുപ്പ് മേധാവികൾക്കും/നിയമാനാധികാരികൾക്കും 16.8.'99-ൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) രണ്ട് എൽ.എൽ.എ. മാർ നിവേദനം നൽകിയിട്ടുണ്ട്.

(എഫ്)ഇക്കാര്യത്തിൽ കോടതിവിധി/ സർക്കാർ നിർദ്ദേശം കർശനമായും പാലിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് 24.11.99 ൽ ചീഫ് സെക്രട്ടറി, ഗവ സെക്രട്ടറിമാർക്കും എല്ലാ വകുപ്പ് തലവൻമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. വീഴ്ചവരുത്തുന്നവർക്കെതിരെ കർശന അച്ചടക്കനടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

(ജി)&(എച്ച്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഐ) നടപടി സ്വീകരിച്ചിട്ടുണ്ട്.

എൽ.ഡി. കമ്പയിലർ തസ്തികയിലെ ഒഴിവുകൾ

56 (100)ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ നിലവിലുള്ള എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലേക്കുള്ള എൽ.ഡി. കമ്പയിലർ ഇൻവെസ്റ്റിഗേറ്റർ തസ്തികയിലെ പി.എസ്.സി റാങ്ക്ലിസ്റ്റിൽ നിന്നും ഇതുവരെ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്; ഇതിന്റെ സംവരണ ക്രമം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത തസ്തികയിലേക്ക് എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 26 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

ജാതി അടിസ്ഥാനത്തിൽ താഴെ പറയുംപ്രകാരം നിയമനം നൽകിയിരിക്കുന്നു.

നമ്പൂതിരി	1
ക്രിസ്ത്യൻ	2
നായർ	3
വിശ്വകർമ്മ	2
മുക്കുവർ	1
ലാറ്റിൻ	2
ഈഴവ	2
നാടാർ	1
ആശാരി	1
എഴുത്തച്ഛൻ	1
മുസ്ലീം	3
തീയ്യ	2
കണക്കൻ	1
പുലയ	3
പായ	1

(ബി) 28(ഇരുപത്തിയെട്ട്) ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

ട്രെയിനിംഗ് കാലയളവിൽ അടിസ്ഥാന ശമ്പളം

57 (102) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പോലീസ് കോൺസ്റ്റബിൾമാർക്കും ഫയർഫോഴ്സിലെ ഫയർമാൻമാർക്കും ട്രെയിനിംഗ് കാലയളവിൽ അടിസ്ഥാന ശമ്പളം നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള ഗവണ്മെന്റ് ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ തീരുമാനം നടപ്പിലായിട്ടുണ്ടോ എന്നുള്ള വിവരം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത തീരുമാനം നടപ്പിലാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly